മത്സ്യത്തൊഴിലാളികൾക്ക് കെട്ടിടങ്ങൾ

364 [396] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി എത്ര കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നുണ്ട്;

(ബി) അവയിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്;

(സി) പൂർത്തിയായ കെട്ടിടങ്ങളിൽ എത്രയെണ്ണം മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1090 കെട്ടിടങ്ങളാണ് പണികഴിപ്പിക്കേണ്ടത്.
(ബി) 380
(സി) 205

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽനിന്നും ആനുകൂല്യം ലഭിച്ചവർ

365 [397] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 വർഷത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്;

(ബി) അതിനുവേണ്ടി ചെലവായ സംഖ്യ എത്ര?

ഉത്തരം

(എ) ആർക്കും ആനുകൂല്യം നൽകിയിട്ടില്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

അഞ്ചുതെങ്ങിലെ മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം

366 [398] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങിലെ മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് മത്സ്യഫെഡ് ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അഞ്ചുതെങ്ങിൽ ലിക്വിഡേറ്റ് ചെയ്ത എ. ആർ. സി. പദ്ധതിക്കുപകരം മറ്റേതെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശമുണ്ടോ;

(സി) തീരദേശങ്ങളിൽ പൂട്ടിക്കിടക്കുന്ന ഐസ് പ്ലാന്റുകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly